(ബി) ഓരോ താലൂക്കിലും തുടങ്ങിയ വ്യവസായങ്ങൾ ഏവ ;

(സി) ഓരോന്നിന്റെയും മുടക്കുമുതൽ എത്ര ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെങ്കിലും വ്യവസായ സ്ഥാപനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് എത്ര സ്ഥാപനങ്ങളിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയും?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഒരു താലൂക്കിൽ ഒരു കോടി രൂപ മൂലധനത്തിൽ ഒരു വ്യവസായം എന്ന പ്രഖ്യാപനമനുസരിച്ച് 30 താലൂക്കുകളിൽ വ്യവസായങ്ങൾ ആരംഭിച്ചു.

(ബി)&(സി) ഓരോ താലൂക്കിലും തുടങ്ങിയ വ്യവസായങ്ങളുടെയും മുടക്കുമുതലിന്റെയും പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്†

(ഡി) ഉണ്ട്.

(ഇ) കഴിയുന്നത്ര വ്യവസായ യൂണിറ്റുകളിലും ഈ മന്ത്രിസഭയുടെ കാലത്തുതന്നെ ഉൽപ്പാദനം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ഭവനനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം

*62. [62] ശ്രീ. വി. വി. ജോസഫ് :
,, ടി. എസ്. ജോൺ :
,, പി സി. ജോർജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെലവു കുറഞ്ഞ ഭവനനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം തുടങ്ങിയോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

കെട്ടിടനിർമ്മാണത്തിനു ഉപയോഗിക്കുന്ന സാമഗ്രികളും ചുരുങ്ങിയ ചിലവിലും അനുയോജ്യമായ സാങ്കേതികവിദ്യകളും ഉപയോഗിച്ചും നിർമ്മിക്കുന്നതിനായി ഒരു നിർമ്മിതികേന്ദ്രം കൊല്ലം ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു.

സ്പോർട്സ് വികസന പദ്ധതികൾ

*63. [63] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, എ. സി. ഷൺമുഖദാസ് :
,, സിറിയക് ജോൺ :
,, കെ. കെ ബാലകൃഷ്ണൻ :
,, ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് വികസനത്തിന് ഇപ്പോൾ ഏതെല്ലാം പദ്ധതികളിലൂടെയാണ് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് സാമ്പത്തികസഹായം ലഭ്യമാകുന്നത് ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1982-83, 1983-84, 1984-85, 1985-86 സാമ്പത്തിക വർഷത്തിൽ എല്ലാ ഇനങ്ങളിലും കൂടി ആകെ എത്ര രൂപ വീതം സഹായധനം ലഭിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(സി) ഏഷ്യാഡിലും മറ്റും സംസ്ഥാനത്തുനിന്നുള്ള കായികതാരങ്ങൾ കരസ്ഥമാക്കിയ വൻ നേട്ടങ്ങൾ കണക്കിലെടുത്തു കേരളത്തിലെ കായിക കലാവികസനത്തിന് പ്രത്യേക സാമ്പത്തിക സഹായം വേണമെന്ന് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി നൂറുദ്ദീൻ) :

(എ) സ്പോർട്സ് കോംപ്ലക്സ്, സ്റ്റേഡിയം നീന്തൽകുളം എന്നിവ നിർമ്മിക്കുക, നിലവിലുള്ള സ്റ്റേഡിയങ്ങൾ നീന്തൽ കുളങ്ങൾ എന്നിവ പുരോഗമിപ്പിക്കുക, കളി സ്ഥലങ്ങൾ വൈദ്യുതവൽക്കരിക്കുക കളിസ്ഥലങ്ങൾ വികസിപ്പിക്കുക, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിക്കുക റൂറൽ സ്പോർട്സ് സെൻററുകൾ സ്ഥാപിക്കുക സംസ്ഥാനതല വർഷാന്ത കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക, എന്നീ പദ്ധതികളിലൂടെയാണ് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് സാമ്പത്തിക സഹായം ലഭ്യമാകുന്നതു.

(ബി) 1982-83—3,56,400 രൂപ.
1983-84—1,75,500 രൂപ.
1984-85—1,71,500 രൂപ.
1985-86—9298·00 രൂപ.

(സി) ഉണ്ട്.

സോൾ ഏഷ്യാഡിൽ പങ്കെടുത്ത കായികതാരങ്ങൾക്കു നൽകുന്ന ആനുകൂല്യങ്ങളും പാരിതോഷികങ്ങളും

*64. [64] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. സി. ജോസഫ് :
,, കെ. ശങ്കരനാരായണപിള്ള :
,, വി. സി. കബീർ :
,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോൾ ഏഷ്യാഡിൽ (1986) പങ്കെടുത്ത കേരളത്തിൽനിന്നുള്ള കായികതാരങ്ങൾക്കു എന്തൊക്കെ ആനുകൂല്യങ്ങളും പാരിതോഷികങ്ങളുമാണ് സംസ്ഥാന സർക്കാരിൽ നിന്നും കൊടുക്കുവാൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) പി. ടി. ഉഷയെ ദത്തെടുക്കുന്നതിനുള്ള വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണു ഇതുവഴി പി. ടി. ഉഷയ്ക്കു ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly